# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

എഫ്2-12197/2016 | തീയതി - 04.10.2016

**<u>സർക്കുലർ നം.15/2016-17</u>**

വിഷയം- ഓഫീസ് ആവശ്യത്തിന് ബ്രോഡ്ബാന്റ് അൺലിമിറ്റഡ് കണക്ഷൻ എടുക്കുന്നത് സംബന്ധിച്ച്.

സൂചന - 1) 12.12.2015 ലെ എഫ്2-16661/2015 നമ്പർ കത്ത്
2) 05.09.2016 ലെ 458-ാമത് ബോർഡ് യോഗ തീരുമാനം.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിലെ എല്ലാ ജില്ലാ കമ്മിറ്റികൾക്കും ബി.എസ്.എൻ.എൽ. ന്റെ 795/- രൂപയുടെ അൺലിമിറ്റഡ് പ്ലാനിലേയ്ക്ക് ഡാറ്റ മാറ്റുന്നതിന് സൂചന (1) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. നിലവിൽ ഇന്റർനെറ്റിന്റെ ആവശ്യകത സബ് ഓഫീസുകളിലും കൂടിയിട്ടുള്ളതിനാൽ ജില്ലാ കമ്മിറ്റി/ സബ് ഓഫീസുകൾക്ക് താഴെപറയും വിധം ബ്രോഡ്ബാന്റ് അൺലിമിറ്റഡ് കണക്ഷൻ എടുക്കുവാൻ അനുമതി നൽകുന്നു.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിലെ എല്ലാ ജില്ലാ കമ്മിറ്റികൾക്കും നികുതി ഒഴികെ 1000/- രൂപ പരിധിയിൽ വരുന്നതും എല്ലാ സബ് ഓഫീസുകൾക്കും നികുതി ഒഴികെ 750/- രൂപ പരിധിയിൽ വരുന്നതുമായ ബി.എസ്.എൻ.എൽ ന്റെ ബ്രോഡ്ബാന്റ് അൺലിമിറ്റഡ് കണക്ഷൻ സംബന്ധിച്ചും ഓപ്റ്റിക് ഫൈബർ കേബിൾ നെറ്റ് വർക്ക് സംബന്ധിച്ചും താരതമ്യം നടത്തി ഏറ്റവും അനുയോജ്യമായതും കുറഞ്ഞ നിരക്കിലുള്ളതുമായ മേൽ പരിധി അധികരിക്കാത്തതുമായ അൺലിമിറ്റഡ് കണക്ഷൻ എടുക്കുവാൻ അനുമതി നൽകുന്നു. ബി.എസ്.എൻ.എൽ ന്റെ കണക്ഷൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനുയോജ്യമായ മറ്റ് സേവനദാതാക്കളെ പരിഗണിക്കാവുന്നതാണ്.

ബോർഡിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കേണ്ട എല്ലാ വിവരങ്ങളും ഇതുവരെ നൽകേണ്ടിയിരുന്നതുൾപ്പെടെ നൽകാതിരിക്കുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ കൃത്യവിലോപമായി കണക്കാക്കുന്നതാണ്.

എന്നാൽ ഓഫീസ് ഇതര പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടർ ഇന്റർനെറ്റ് ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഗുരുതരമായ അച്ചടക്ക ലംഘനമായി കണക്കാക്കി കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്
എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസുകൽക്കും

പകർപ്പ്
എ.ഒ, എഫ്.ഒ, സെക്രട്ടറി, സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Jayaprakash
സൂപ്രണ്ട്